LIBRARY ARCHIVES Kerala Legislative Assembly

മാർത്താണ്ഡം കായൽ പാടശേഖരം

144 (1615) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർത്താണ്ഡം കായൽ പാടശേഖരം മട വീണതിന് നഷ്ടപരിഹാരം അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരം അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ഡി ബ്ലോക്ക് കായൽ പാടശേഖരം മടകുത്തി കൃഷിയോഗ്യമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മാർത്താണ്ഡം കായൽ പാടശേഖരത്തിൽ 2014-15 പുഞ്ച കൃഷിക്കായി നിലമൊരുക്കുന്നതിന്റെ പ്രാരംഭനടപടികൾ ചെയ്തുകൊണ്ടിരുന്ന സമയത്താണ് മടവീഴ്ച സംഭവിച്ചത്. മട പുനർനിർമ്മിക്കുന്നതിന് തയ്യാറാക്കിയ 19,46,965 രൂപയുടെ എസ്റ്റിമേറ്റ് 17-10-2015-ൽ നടന്ന സ്റ്റേറ്റ് ലെവൽ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. വാല്യുവേഷൻ തയ്യാറാകുന്ന മുറയ്ക്ക് ഇക നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ഡി ബ്ലോക്ക് കായൽ പാടശേഖരത്തിൽ 21-10-2015-ൽ മടവീഴ്ച സംഭവിച്ചതായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും മട പുനർനിർമ്മിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പിനെക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടി എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ ചെയ്ത് മട പുനർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

നീര പദ്ധതി

145 (1616) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര പദ്ധതിക്ക് ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇക എത്രയായിരുന്നുവെന്നും ഇതിൽ എത്ര രൂപ ഏതെല്ലാം ആവശ്യത്തിന് നടപ്പ് വർഷം പിൻവലിക്കുകയുണ്ടായി എന്നും വിശദമാക്കുമോ;